# കേരളസർവകലാശാല

***Re-accredited by NAAC with A++ GRADE***

നം.പി.ആർ.71/2024 തിരുവനന്തപുരം, തീയതി: 27/03/2024

# പത്രക്കുറിപ്പ്

## മേഴ്‌സി ചാൻസ്

കേരള സർവകലാശാല ഒന്നും, രണ്ടും, മൂന്നും വർഷ പാർട്ട് – III മെയിൻ & സബ്സിഡയറി ബി.എ/ ബി.എ അഫ്സൻ – ഉൽ – ഉലാമ ) ബി.കോം (2000 – 2001 അഡ്മിഷൻ മുതൽ 2018 അഡ്മിഷൻ വരെയുള്ളവർക്ക്), ബി.പി.എ (2004 അഡ്മിഷൻ മുതൽ 2010 അഡ്മിഷൻ വരെയുള്ളവർക്ക്) ആന്വൽ സ്കീം – മേഴ്‌സി ചാൻസ് ഏപ്രിൽ 2024, പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾ നിലവിലെ സ്കീം & സിലബസ് പ്രകാരം പരീക്ഷകൾ എഴുതേണ്ടതാണ്.

2000 അഡ്മിഷൻ മുതൽ 2005 അഡ്മിഷൻ വരെയുള്ള ബി.കോം വിദ്യാർത്ഥികൾ പാർട്ട് – III, 2006 സ്കീം (നിലവിലെ സ്കീം) പ്രകാരം മുഴുവൻ പേപ്പറുകളും രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതേണ്ടതാണ്. 2006 അഡ്മിഷൻ മുതലുള്ള ബി.കോം വിദ്യാർത്ഥികൾക്ക് നിലവിൽ ജയിക്കാത്ത പേപ്പറുകളിൽ മാത്രം പരീക്ഷ എഴുതാവുന്നതാണ്. അപേക്ഷകൾ ഓഫ്‌ലൈനായി മാത്രം സമർപ്പിക്കേണ്ടതാണ് . വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. സംസ്കൃതം സ്പെഷ്യൽ (വേദാന്ത, ന്യായ, വ്യാകരണ, സാഹിത്യ & ജ്യോതിഷ) (റെഗുലർ/ സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് റെഗുലർ വിദ്യാർത്ഥികൾ www.slcm.keralauniversity.ac.in മുഖേനയും സപ്ലിമെന്ററി വിദ്യാർത്ഥികൾ www.exams.keralauniversity.ac.in മുഖേനയും 2024 ഏപ്രിൽ 06 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 മെയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. പബ്ലിക് അഡ്മിനിസ്ട്രേഷൻ (റെഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് www.slcm.keralauniversity.ac.in മുഖേന 2024 ഏപ്രിൽ 05 വരെ ഓൺലൈനായി അപേക്ഷിക്കാം. വിദ്യാർത്ഥികളുടെ അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ. മറ്റൊരു മാർഗ്ഗത്തിലൂടെയും അടയ്ക്കുന്ന തുക പരിഗണിക്കുന്നതല്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.ബി.എ. ട്രാവൽ ആന്റ് ടൂറിസം (റെഗുലർ – 2020 സ്കീം) (സപ്ലിമെന്ററി – 2018 & 2020 സ്കീം)

പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2024 ഏപ്രിൽ 08 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ മൂന്നാം സെമസ്റ്റർ പഞ്ചവർഷ എം.ബി.എ. ഇന്റഗ്രേറ്റഡ് (2015 സ്കീം – റെഗുലർ & സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2024 ഏപ്രിൽ 08 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പുനഃപരീക്ഷ

കേരളസർവകലാശാല 2023 ആഗസ്റ്റ് 2 ന് നടത്തിയ ഒന്നാം സെമസ്റ്റർ എം.എഡ്. TEC1: ട്രെൻഡ്സ് & പ്രാക്ടീസ് ഇൻ ടീച്ചർ എഡ്യൂക്കേഷൻ (2022 സ്കീം – റെഗുലർ) പരീക്ഷയുടെ പുനഃപരീക്ഷ പന്തളം എൻ.എസ്.എസ്. ട്രെയിനിംഗ് കോളേജ്, പള്ളിമുക്ക് ഫാത്തിമ മെമ്മോറിയൽ ട്രെയിനിംഗ് കോളേജ്, നെല്ലിമൂട് ന്യൂ ബി.എഡ്. കോളേജ്, മാവേലിക്കര പീറ്റ് മെമ്മോറിയൽ ട്രെയിനിംഗ് കോളേജ്, മുതുകുളം ബുദ്ധ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ എന്നിവിടങ്ങളിൽ 2024 ഏപ്രിൽ 4 ന് രാവിലെ 9.30 മുതൽ 12.30 വരെ നടത്തുന്നു. മറ്റ് സെന്ററുകളിലെ വിദ്യാർത്ഥികൾക്ക് പുനഃപരീക്ഷ ബാധകമല്ല.

## പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ ഏഴാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം./ബി.എച്ച്.എം.സി.റ്റി.) മാർച്ച് 2024 ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2024 ഏപ്രിൽ 8 മുതൽ ആരംഭിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2023 ഏപ്രിലിൽ നടത്തിയ ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്റർ ബി.ആർക്ക്. ആർക്കിടെക്ച്ചർ പരീക്ഷയുടെ ഉത്തരക്കടലാസ്സുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2024 ഏപ്രിൽ 1, 2, 3 തീയതികളിൽ റീവാല്യുവേഷൻ ഇ.ജെ. X (പത്ത്) സെക്ഷനിൽ ഹാജരാകേണ്ടതാണ്.

## കേരളസർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കായുള്ള വാർഷിക സമ്മർ കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിക്കുന്നു

കേരളസർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ സ്കൂൾ/ കോളേജ് വിദ്യാർത്ഥികൾക്കായുള്ള വാർഷിക സമ്മർ കോച്ചിംഗ് ക്യാമ്പ് 2024 ഏപ്രിൽ 1 മുതൽ മേയ് 29 വരെ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ സംഘടിപ്പിക്കുന്നു. അത്‌ലറ്റിക്സ്, ഫുട്ബോൾ, ക്രിക്കറ്റ്, ഹാന്റ്ബോൾ, ബാസ്കറ്റ്ബോൾ, ബേസ്ബോൾ, ടേബിൾ ടെന്നീസ്, യോഗാസന എന്നീ ഇനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. പരിശീലന സമയം രാവിലെ 6.30 മുതൽ 8.30 വരെയും

വൈകുന്നേരം 4.30 മുതൽ 6.30 വരെയുമാണ്. അപേക്ഷാഫോമിനും വിശദവിവരങ്ങൾക്കും പി.എം.ജി.യിലുള്ള ജി.വി.രാജ പവലിയനിൽ പ്രവർത്തിക്കുന്ന ഫിസിക്കൽ എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റുമായോ https://pe.keralauniversity.ac.in എന്ന വെബ്സൈറ്റിൽ നിന്നോ അപേക്ഷാഫോം ഡൗൺലോഡ് ചെയ്യാവുന്നതാണ്. വിശദവിവരങ്ങൾക്ക് 0471-2306485, അത്ലറ്റിക്സ് കോച്ച് 9495304076, ക്രിക്കറ്റ് കോച്ച് 9447080123, ഹാന്റ്ബോൾ കോച്ച് 7994759331 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

| |
|---|
| ***University information is available on*** **9188526670, 9188526671, 9188526674, 9188526675** |
| **Whats App No. 8547330240** |